2023
ഒക്ടോബർ
വാല്യം 16 | ലക്കം 10
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN





ബിഷപ്പ് പീറ്റർ അനുസ്മരണ ദിവ്യബലി



ബിഷപ്പ് കൊർണേലിയൂസ് അനുസ്മരണ ദിവ്യബലി



## ആദരാഞ്ജലികൾ



**സോഫിയാമ്മ പീറ്റർ (48)**

**വലിയവീട്ടിൽ പറമ്പിൽ**

വടവാതൂർ സെന്റ് മേരീസ് ഇടവകയിലെ
മതാധ്യാപികയും, മതബോധന പ്രഥമാധ്യാപകനും
പാസ്റ്ററൽ കൗൺസിൽ മെമ്പറും KRLCC മെമ്പറു
മായ ശ്രീ. മനോജ് വി. പോളിന്റെ ഭാര്യയുമാണ്

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2023 OCTOBER** Registered Newspaper, Reg. No. KERMAL/2008/24745 **Vol.16 • No.10**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ
7. രൂപതാ കാര്യാലയത്തിൽ നിന്ന്
8. സർക്കുലർ
11. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം
18. മണിപ്പൂർ അക്രമണങ്ങൾ അപലനീയം
19. യുവത്വം സമകാലികയുഗത്തിൽ
23. ജപമാല-രക്ഷാകവചം
25 ഇടവക വാർത്തകൾ
31. വി.എസ്.എസ്.എസ്. വാർത്തകൾ




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

## Editorial



# ഒക്ടോബർ : ജപമാലമാസം

ജപമാലയുടെ ശക്തിയെ വിളിച്ചോതുന്ന സുപ്രധാനമായ സംഭവമുണ്ട് സഭാചരിത്രത്തിൽ. യൂറോപ്പിനെയും കടന്നാക്രമിക്കാൻ സർവ്വസന്നാഹങ്ങളോടെ തുനിഞ്ഞിറങ്ങിയ ഓട്ടോമൻ (തുർക്കി) സാമ്രാജ്യശക്തികളെ 1571-ൽ ലപ്പാന്റോ കടലിടുക്കിൽ നടന്ന യുദ്ധത്തിൽ ക്രൈസ്തവ സഖ്യം തോല്പിച്ച സംഭവമാണിത്. വലിയ സൈനിക ബലമില്ലായിരുന്നെങ്കിലും അവർക്ക് ശത്രുക്കളുടെമേൽ വിജയം വരിക്കാനായത് ജപമാല പ്രാർത്ഥനയുടെ ശക്തിയിലാണ്. അഞ്ചാം പീയൂസ് പാപ്പായുടെ നിർദ്ദേശപ്രകാരം ജപമാല പ്രാർത്ഥിച്ചിട്ടാണ് ക്രൈസ്തവ സൈന്യം യുദ്ധത്തിനുപോയത്. യുദ്ധസമയത്ത് പാപ്പ ജനങ്ങളോട് ചേർന്ന് ജപമാല പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവശക്തിയിലാശ്രയിച്ച് ഗോലിയത്തിനെ നേരിട്ട് തോല്പിച്ച ബാലനായ ദാവീദിനെപ്പോലെ അവർക്ക് ശത്രുക്കളുടെമേൽ വിജയം വരിക്കാനായി. അല്ലെങ്കിൽ എതിർ സൈന്യം റോമിനെ മാത്രമല്ല യൂറോപ്പിനെയും കീഴടക്കുമായിരുന്നു. ആ വിജയത്തിന്റെ ഓർമ്മ നിലനിർത്താൻ പാപ്പ ഒക്ടോബർ ഏഴിനെ വിജയമാതാവിന്റെ (Our Lady of Victory) തിരുനാളായി വിളംബരം ചെയ്തു. ജപമാലയിലൂടെയായിരുന്നു ആ വിജയം എന്നു വെളിപ്പെടുത്തി. 13-ാം ഗ്രിഗോറിയോസ് പാപ്പ ആ തിരുനാളിനെ ജപമാല മാതാവിന്റെ (Our Lady of the Rosary) തിരുനാളെന്ന് പുനർ നാമകരണം ചെയ്തു. ആ തിരുനാളിന്റെ പ്രാധാന്യം എടുത്തുകാട്ടാൻ ലിയോ പതിമൂന്നാമൻ പാപ്പ ഒക്ടോബർമാസത്തെ ജപമാലമാസമായി പ്രഖ്യാപിച്ചു. ജപമാലയുടെ ചരിത്രവും അർത്ഥവും പ്രാധാന്യവും ശക്തിയും ഗ്രഹിച്ച് ജപമാല നിരന്തരം പ്രാർത്ഥിക്കാൻ അത് ഏവർക്കും പ്രചോദനമേകുന്നു.

തിരുസഭാ മക്കൾ പ്രാർത്ഥനകളെ റോസാപ്പൂക്കൾ പോലെ കോർത്തെടുത്ത് ദൈവമാതാവിന് മാല ചാർത്തുന്നു ജപമാലയിലൂടെ . അതിനാലാണ് ഇംഗ്ലീഷിൽ ഈ പ്രാർത്ഥനയ്ക്ക് റോസരി എന്നു പറയുന്നത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകളിൽ മറിയത്തിന്റെ പാഠശാലയിൽ അമ്മയോടു ചേർന്ന് അവളുടെ ഹൃദയത്തോടെ യേശുവിന്റെ മുഖം ദർശിച്ചും ധ്യാനിച്ചും ദൈവകൃപയാൽ നിറയപ്പെടുന്ന അനു

ഭവമാണ് ജപമാല പ്രാർത്ഥന. ഏറ്റവും നല്ല കുടുംബ പ്രാർത്ഥനയാണിത്. ജപമാലയിലെ ജീവനുള്ള മണികൾപോലെ കുടുംബത്തിലെ അംഗങ്ങളെല്ലാം പരസ്പരം ആഴപ്പെട്ട ബന്ധത്തിലാകുന്നു. സ്നേഹത്തിലും വിശുദ്ധിയിലും നിറയുന്നു. ജപമാല പ്രാർത്ഥിക്കുന്നതിലൂടെ. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയുള്ളതായി വളരും. പൊട്ടിയ ജപമാല കൊണ്ട് ആരും കൊന്ത ചൊല്ലില്ല, പൊട്ടിയത് കൂട്ടിച്ചേർക്കാതെ, അതേപോലെ ശരിയായി അനുദിനം ജപമാല പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങളും സമുഹാംഗങ്ങളും പൊട്ടിയ ബന്ധങ്ങൾ വിളക്കിച്ചേർത്ത്, ഒന്നാകാൻ, ഒരുമയിൽ ജീവിക്കാൻ ശ്രദ്ധിക്കും. ഇടവകകളിൽ ദിവ്യബലിക്കൊരുക്കമായി, പൊതുവേദികളിൽ പരിപാടികൾക്കൊരുക്കമായി. എല്ലാം ജപമാല പ്രാർത്ഥിക്കുക പതിവാണ്. ജപമാലമാസത്തിലെ ഓരോ ദിവസവും ദൈവാലയങ്ങളിൽ മാത്രമല്ല കുരിശ്ശടികളിലും കപ്പേളകളിലും ആശ്രമങ്ങളിലും മഠങ്ങളിലും ഭവനങ്ങളിലുമെല്ലാം ജപമാല പ്രാർത്ഥിക്കുന്നുണ്ട്. വ്യക്തിപരമായും ഏവരും ജപമാല കഴുത്തിൽ അണിയുകയും കയ്യിലേന്തുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. അതവർക്ക് സംരക്ഷണവും കൃപയും അനുഭവവേദ്യമാക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ നിന്നും ജപമാല പ്രാർത്ഥിക്കാനുള്ള ആഹ്വാനം നൽകപ്പെടുന്നുണ്ട്. സ്വർഗ്ഗത്തിൽ നിന്ന് മാതാവുതന്നെ ലൂർദ്ദിലും ഫാത്തിമായിലും മജുഗോറിയായിലുമെല്ലാം വച്ച് ജപമാല പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. ഭൂമിയിൽ അഞ്ചാം പീയൂസ് പാപ്പാ തുടങ്ങി ഫ്രാൻസിസ് പാപ്പവരെയുള്ള മാർപ്പാപ്പാമാരും വിശുദ്ധ ഡൊമിനിക്ക് തുടങ്ങിയ വിശുദ്ധരും മരിയ മോണ്ട്ഫോർട്ട് തുടങ്ങിയ മരിയഭക്തരുമെല്ലാം ജപമാല പ്രാർത്ഥിക്കാൻ ജനങ്ങളോട് പ്രേരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അഞ്ചാം പീയൂസ് പാപ്പായാണ് ജപമാലയിലെ സന്തോഷ, ദുഃഖ, മഹിമ രഹസ്യങ്ങൾ കോർത്തിണക്കി നിയതരൂപം നൽകിയത്. 2002-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പ്രകാശത്തിന്റെ രഹസ്യങ്ങളും കൂട്ടിച്ചേർത്തു. ജപമാല യേശുവിന്റെ ജനനത്തെയും ജീവിതത്തെയും പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും സ്വർഗ്ഗാരോഹണത്തെയുമെല്ലാം ധ്യാനിച്ച് ചൊല്ലുന്ന പ്രാർത്ഥനയാണല്ലോ. അതിൽ യേശുവിന്റെ ജനനവും ബാല്യവും ധ്യാനവിഷയമാക്കുന്ന സന്തോഷ രഹസ്യങ്ങളും, പീഡാനുഭവത്തെയും മരണത്തെയും ധ്യാനവിഷയമാകുന്നു ദുഃഖരഹസ്യങ്ങളും ഉത്ഥാനത്തെയും സ്വർഗ്ഗാരോഹണത്തെയുമെല്ലാം ധ്യാനവിഷയമാക്കുന്ന മഹിമരഹസ്യങ്ങളും, യേശുവിന്റെ പരസ്യ ജീവിതത്തെ ധ്യാനവിഷയമാക്കാൻ പ്രകാശത്തിന്റെ രഹസ്യങ്ങളും ധ്യാനവിഷയമാക്കണം എന്ന് ജപമാലയെപ്പറ്റിയുള്ള ചാക്രികലേഖനത്തിലും പഠിപ്പിച്ചുകൊണ്ടാണ് ജോൺപോൾ പാപ്പ പ്രകാശത്തിന്റെ രഹസ്യങ്ങൾ ജപമാലയിൽ കൂട്ടിച്ചേർത്തത്. ലീയോ 13-മൻ പാപ്പ ജപമാലയെപ്പറ്റി 10 ചാക്രിക ലേഖനങ്ങളാണ് എഴുതിയിട്ടുള്ളത്.

ജപമാലയെപ്പറ്റി വേണ്ടത്ര അറിവില്ലാത്തതിനാൽ ജപമാലയെ തള്ളിപ്പറയുന്നവരുണ്ട്. "യേശുവിനെക്കാൾ മറിയത്തിന് പ്രാധാന്യം കൊടുക്കു

ന്നു. ബൈബിൾ വായിക്കേണ്ടതിനുപകരം ജപമാല ചൊല്ലികൊണ്ടിരിക്കുന്നു" എന്നൊക്കെയാണാക്ഷേപം. മറുപടിയായി മൂന്നു കാര്യങ്ങൾ കുറിക്കട്ടെ.

**1. പരിശുദ്ധ ത്രിത്വാത്മക പ്രാർത്ഥന:** പരിശുദ്ധ ത്രിത്വത്തിൽ ഒന്നു ചേരുന്ന, ഒന്നു ചേർക്കുന്ന പ്രാർത്ഥനയാണ് ജപമാല. ജപമാല തുടങ്ങുന്നതും തീരുന്നതും, ഓരോ രഹസ്യവും പൂർത്തീകരിക്കുന്നതും പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണ്. കൂടാതെ ജപമാലയിലെ വിശ്വാസപ്രമാണം ത്രിത്വത്തിലുള്ള വിശ്വാസമാണ് ഏറ്റുപറയുന്നത്. ലിത്തിനിയായുടെ തുടക്കത്തിലും ത്രിത്വത്തെ വിളിച്ച് പ്രാർത്ഥിക്കുന്നുണ്ട്. അങ്ങനെ പിതാവിന്റെ സ്നേഹത്തിൽ ഒന്നു ചേരുന്ന, പുത്രൻ സാധിച്ച രക്ഷ അനുഭവിക്കുന്ന, പരിശുദ്ധാത്മാവിലൂടെ ദൈവസ്നേഹം നുകരുന്ന അനുഭവമാണ് ജപമാല.

**2. ക്രിസ്തു കേന്ദ്രീകൃതം:** ക്രിസ്തുവിൽ കേന്ദ്രീകരിക്കുന്ന പ്രാർത്ഥനയാണ് ജപമാല. ജപമാലയിലെ 20 രഹസ്യങ്ങളിലും ക്രിസ്തുവിനെ ധ്യാനിക്കുന്നു. ഒൻപതു രഹസ്യങ്ങളിലേ മറിയത്തെ പ്രത്യേക സ്മരിക്കുന്നുള്ളു. മാത്രമല്ല ജപമാലയിൽ മന്ത്രം പോലെ ഉരിവിടുന്ന 'നന്മനിറഞ്ഞ മറിയമേ' എന്ന് പ്രാർത്ഥനയുടെ കേന്ദ്രത്തിലുള്ളതും യേശു തന്നെ. മാത്രമല്ല യേശുവിലുള്ള പ്രത്യേക ബന്ധത്തിന്റെ വെളിച്ചത്തിസാണ് നാം ജപമാലയിൽ മറിയത്തെ വണങ്ങുന്നതും.

**3. ബൈബിളിലധിഷ്ഠിതം:** പുതിയ നിയമത്തിന്റെ രത്നച്ചുരുക്കമാണ് ജപമാലയിലെ 20 രഹസ്യങ്ങളും. വായിക്കാനറിയാത്തവരുടെ ബൈബിൾ എന്നാണ് ജപമാല അറിയപ്പെടുന്നത്. കൂടാതെ ജപമാലയിൽ മന്ത്രം പോലുരുവിടുന്ന 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ബൈബിൾ വാക്യങ്ങൾ കോർത്തെടുത്ത് (ലൂക്കാ 1:28, 42,43) ഉണ്ടാക്കിയതാണ്. ദൈവവചനം ദൈവശക്തിയാൽ നമ്മെ നിറയ്ക്കും. അത് ആവർത്തിച്ചുരുവിടുമ്പോൾ നാം കൂടുതൽ അനുഗൃഹീതരായി മാറും. ജപമാല രഹസ്യങ്ങൾ പുതിയ നിയമത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ, ലുത്തിനിയാ പഴയനിയമത്തിലേക്ക് നമ്മുടെ ശ്രദ്ധയെ നയിക്കുന്നു.

ജപമാലമാസം നമുക്ക് ഉണർവ്വോടും ഉത്സാഹത്തോടും കൂടെ കൊണ്ടാടാം. മനുഷ്യരെ ദൈവത്തിലേക്കടുപ്പിക്കുന്ന മനുഷ്യരെ പരസ്പരം അടുപ്പിക്കുന്നു, വ്യക്തിപരമായി വിശുദ്ധീകരിക്കുകയും തിന്മയിൽ നിന്ന് രക്ഷിക്കുകയും നന്മയിൽ വളർത്തുകയും ചെയ്യുന്ന ജപമാല പ്രാർത്ഥിച്ച് നമുക്ക് ദൈവസ്നേഹത്തിൽ ഒന്നിക്കാം. ക്രിസ്തു സാധിച്ചു തന്ന രക്ഷ അനുഭവിക്കാം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ് വിശുദ്ധിയിൽ വളരാം. തിരുസഭാ തനയരായി മറിയത്തെപ്പോലെ കൃപ നിറഞ്ഞവരായി, ദൈവം കുടെയുള്ളവരായി, അനുഗ്രഹമായി, അനുഗ്രഹമേകുന്നവരായി ജീവിക്കാം. ജപമാല രാജ്ഞിയുടെ തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ദൈവകൃപ ഏവരിലും എന്നും വർദ്ധമാനമാക്കട്ടെ.

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANFERS

1. Very Rev. Fr. Stephen Puthenparambil is transferred from Mary Mount Church, Changanassery and is appointed as the Parish Priest of St. Joseph's Church, Maramon.
2. Rev. Fr. Joshy Puthuparambil is transferred from St. Joseph's Church, Maramon and is appointed as the Parish Priest of Our Lady of Guadalupe Church, Pala.
3. Rev. Fr. Mathew Ozhathil is transferred from Our Lady of Guadalupe Church, Pala and is appointed as the Parish Priest of Mary Mount Church, Changanassery.

## MISSION SUNDAY PRIZES (Contd...)

### CHAPELS

| | | |
|---|---|---|
| 1. | Vimalagiri Cathedral | 1,00,000.00 |
| 2. | Holy Family, Kanjikuzhy | 57,890.00 |

### SHRINE

| | | |
|---|---|---|
| 1. | St. Antony's Nagampadam | 2,00,000.00 |




**ഒക്ടോബർ**

## ജന്മദിനാശംസകൾ

| | |
|---|---|
| 02 | ഫാ. ഫെർണാണ്ടോ കല്ലുപാലം |
| 03 | ഫാ. സെൽവി ആന്റണി പ്ലാപ്പറമ്പിൽ |
| 03. | ഫാ. രാജൻ ജോർജ്ജ് സി.പി. |
| 29. | ഫാ. ജ്യോതിസ് കളത്തിൽ Odem |
| 31. | ഫാ. ജോർജ് ജോൺ മേരിമംഗലം |

Diocese of Vijayapuram
CIRCULAR LETTER
VOL. XVIII • NO.2 • SEPTEMBER 2023

# സഭാനവീകരണവും ദിവ്യകാരുണ്യവർഷ ആചരണവും

ക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ബഹു. സന്യസ്തരേ, വൈദികരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

ദിവ്യകാരുണ്യ ആരാധന നമുക്ക് നഷ്ടമായിരിക്കുന്നു. ആയതിനാൽ ഏവരും, മെത്രാന്മാരും, വൈദികരും സന്യസ്തരും അൽമായരും ദിവ്യകാരുണ്യ ആരാധന വീണ്ടെടുക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കണം. ആഗസ്റ്റ് രണ്ടിന് ലിസ്ബണിൽ വച്ചുള്ള തന്റെ സുവിശേഷ പ്രഘോഷണത്തിനിടയിൽ പരി. ഫ്രാൻസിസ് പാപ്പ നൽകിയ ആഹ്വാനം നമ്മുടെ ആത്മനവീകരണത്തിന് ദിവ്യകാരുണ്യ ആരാധനയുടെ ആവശ്യകത വ്യക്തമാക്കുന്നുവല്ലോ. സമസ്തമേഖലകളിലും സാത്താന്റെ നീരാളിപിടുത്തത്തിൽ മനുഷ്യൻ നിഷ്ക്രിയനാകുന്ന യാഥാർഥ്യം തിരിച്ചറിഞ്ഞ കേരളസഭ ഒരു ആത്മീയ നവോത്ഥാനത്തിന്റെ പാതയിലാണെന്നു ഇതിനോടകം ഏവരും അറിഞ്ഞിരിക്കുമല്ലോ. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലാണ് കേരളസഭ രൂപത-ഇടവക-കുടുംബ തലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരി ക്കുന്നത് (കെ.സി.ബി.സി. സർക്കുലർ). പ്രഥമവും പ്രധാനവുമായി പരി. ഫ്രാൻസിസ് പാപ്പയുടെ സന്ദേശം ഉൾകൊണ്ടുകൊണ്ട് നാം ദിവ്യകാരുണ്യ ആരാധനക്ക് മുഖ്യ പ്രാധാന്യം നൽകി ദിവ്യകാരുണ്യ കോൺഗ്രസ്സ് നടത്തുവാനും തീരുമാനിക്കുകയുണ്ടായി. ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം: സഭാസമൂഹത്തിനു ദിവ്യകാരുണ്യത്തെക്കുറിച്ചു ആഴമായ അറിവ് നൽകുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിധ്യത്തിൽ പരസ്യമായ ആരാധനയും സാക്ഷ്യവും നൽകുക, സഭാംഗങ്ങളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പര സ്നേഹവും ഐക്യവും വർധിപ്പിക്കുക എന്നതാണ് (കെ.സി.ബി.സി. സർക്കുലർ).

ദൈവസ്നേഹത്തിന്റ ഉദാത്തമായ പ്രകാശനമാണ് പരി. കുർബാന. എന്നും മനുഷ്യരുടെ കൂടെ ആയിരിക്കുവാൻ ആഗ്രഹിച്ചുകൊണ്ടാണ് കർത്താവ് സത്യമായും ജീവനായും നമുക്ക് വേണ്ടി നിത്യഉടമ്പടിയായ ദിവ്യബലി സ്ഥാപിച്ചത്. അന്നുമുതൽ

ഇന്നുവരെ പരി. കുർബാന മനുഷ്യകുലത്തിന്റെ അനുഗ്രഹ സ്രോതസായി നിലകൊള്ളുന്നു. ത്രിത്വൈക ദൈവത്തിന്റെ കൂട്ടായ്മ നാം അനുഭവിക്കുന്നത് പരി. കുർബാനയിലാണ്. യാതൊരുവിധ വിവേചനവും കൂടാതെ ഏവരും അഭയം തേടുന്നത് ദിവ്യകാരുണ്യ സന്നിധേയാണ്. ആരെയും കേൾക്കാനും, കാണാനും, സംസാരിക്കാനും സൗഖ്യം നൽകാനും സദാ സന്നദ്ധനായി സർവ്വേശ്വരൻ ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്നത് പലരും തിരിച്ചറിയുന്നില്ല. ദൈവാലയത്തിൽ പോകുന്നത് ഒരു ചടങ്ങായോ ആചാരമായോ, ദൈവാലയ ശുശ്രൂഷകൾ ധൂർത്തിന്റെയോ ആഘോഷത്തിന്റെയോ അവസരമായോ അധഃപതിക്കുന്നില്ലേ എന്ന സംശയം പലരിലും ജനിപ്പിക്കുന്നുണ്ട്. സഭാപിതാക്കന്മാർ എപ്രകാരമാണ് വി. കുർബാനയെയും ദിവ്യകാരുണ്യ ആരാധനയെയും മനസിലാക്കിയതെന്നു നാം ഗ്രഹിക്കണം. ഒരുക്കത്തിന്റ ഈ കാലഘട്ടത്തിൽ നാം കൂടുതൽ സമയം പരി. കുർബാനയെക്കുറിച്ചു പഠിക്കാൻ പരിശ്രമിക്കണം. ദിവ്യനാഥന്റെ കല്പനപ്രകാരം നാം പഠിച്ചത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കണം. മാത്രവുമല്ല നാം ഓരോരുത്തരും ദിവ്യകാരുണ്യമാവണം. ഒരോ വിശ്വാസിയും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരാവുന്നു. പരി. കുർബാനയിൽ നാം ക്രിസ്തുവിനോടും പുരോഹിതനോടുമൊപ്പം ബലിയും ബലിയർപ്പകനും ബലിവസ്തുവുമായി മാറണം. അതായത് ആരാധനയിൽ നാം വെറും കാഴ്ചക്കാരല്ല എന്നത് തന്നെ. ദിവ്യകാരുണ്യത്തിൽ അഭയം തേടുന്നവർ യേശുവിന്റ ജീവന്റെ ജലം പാനം ചെയുകയും സൗഖ്യത്തിന്റ മധു നുകരുകയും ചെയ്യുന്നു. അതു കൊണ്ടാണല്ലോ വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി മണിക്കൂറുകളോളം ദിവ്യകാരുണ്യത്തിന്റെ സവിധേ സമയം ചിലവിട്ടത്. സഭ നമ്മെ പഠിപ്പിക്കുന്നത് പരി. കുർബാന ക്രൈസ്തവ ജീവിതത്തിന്റെ ആകെ ഉറവിടവും അത്യുച്ചസ്ഥാനവുമാണ് എന്നാണ്. (LG 11, CCC 1324). വി. കുർബാനയുടെ ദിവ്യരഹസ്യങ്ങൾ കൂടുതൽ അറിഞ്ഞും അനുഭവിച്ചും ആദ്ധ്യാത്മിക നവോത്ഥാനത്തിനായി സഭയോടൊത്തു നമുക്ക് പരിശ്രമിക്കാം.

## നമ്മുടെ രൂപതയിലെ നവീകരണ പരിപാടികൾ

ഇതിനോടകം നമ്മുടെ മിക്കവാറും എല്ലാ മേഖലകളിലും പരി. കുർബാനയെക്കുറിച്ച് പ്രത്യേക പഠന ശിബിരങ്ങൾ നടത്തിയിട്ടുണ്ട്. ഒരോ മേഖലകളിലെയും ഇടവകകളിൽ വൈദികരുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ കോൺഗ്രസ്സ് നടത്തിവരുകയാണല്ലോ. അതിനായി മുൻകൈ എടുത്തു പ്രവർത്തിക്കുന്ന എല്ലാ ഫൊറോന വികാരിമാർക്കും മറ്റേവർക്കും എന്റെ സ്നേഹം നിറഞ്ഞ അനുമോദനങ്ങൾ.

കെസിബിസി നിർദ്ദേശിച്ചതുപോലെ നമ്മുടെ ഒരോ ഇടവകയിൽ നിന്നും ഓരോ പ്രതിനിധികളെ രൂപതാ ദിവ്യകാരുണ്യ കോൺഗ്രസ്സിലേക്ക് തിരഞ്ഞെടുക്കണം. നമ്മുടെ രൂപതയിലെ കൺവീനർമാർ അറിയിക്കുന്ന രീതിയിൽ സ്ത്രീകൾക്കും യുവജനങ്ങൾക്കും മതിയായ പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണമായിരിക്കണം ഇടവകയിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. ഏതെങ്കിലും കാരണവശാൽ ഒരു പ്രതിനിധിക്കു പങ്കെടുക്കാൻ സാധ്യമാകാതെ വന്നാൽ, പകരത്തിനൊരാളെ നേരത്തെ കണ്ടുവയ്ക്കണമേ എന്ന് താല്പര്യപെടുന്നു. ഇടവക

പ്രതിനിധികൾ പരി. കുർബാനയെക്കുറിച്ച് ശരിയായി പഠിച്ചിട്ടായിരിക്കണം കോൺഗ്രസിൽ സംബന്ധിക്കേണ്ടത്. അവർക്കാവശ്യമുള്ള ചോദ്യങ്ങൾ മുൻകൂട്ടി നൽകുന്നതായിരിക്കും. ഉത്തരങ്ങൾ മുൻകൂട്ടി കൺവീനർമാരെ ഏൽപ്പിക്കേണ്ടതാണ്. ഒരോ ഫൊറോനായിലെയും രണ്ടു പേർ തങ്ങളുടെ ഉത്തരങ്ങൾ വീഡിയോ ക്ലിപ്പായി മുൻകൂട്ടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഒക്ടോബർ ഏഴാം തീയതി രാവിലെ 9.30 ന് വിമലഗിരി കത്തീഡ്രലിൽ ദിവ്യബലിയോട് കൂടിയാണ് നമ്മുടെ രൂപതാ ദിവ്യകാരുണ്യ കോൺഗ്രസ് സമാരംഭിക്കുന്നത്. ഉച്ചകഴിഞ്ഞ് 2.30 ന് പരി. കുർബാന എഴുന്നള്ളിച്ച് ദിവ്യകാരുണ്യ സന്ദേശം ഉണ്ടായിരിക്കുന്നതാണ്.

## സെന്റ് തെരേസാസ് കോൺവെന്റ് (മിണ്ടാമഠം) നവതിയും ദിവ്യകാരുണ്യ പ്രദക്ഷിണവും

മിണ്ടാമഠം ആരംഭിക്കുന്നതിനായി സ്പെയിനിൽ നിന്നും 8 സിസ്റ്റേഴ്സ് നമ്മുടെ രൂപതയിൽ എത്തിയിട്ട് 90 വർഷം ആവുകയാണ്. നമ്മുടെ സിസ്റ്റേഴ്സിനോടൊത്ത് നമുക്ക് നല്ലവനായ ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കാം. ഒക്ടോബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 4.30ന് വിമലഗിരി കത്തീഡ്രലിൽ നിന്നും ദിവ്യകാരുണ്യ പ്രദക്ഷിണം ആരംഭിച്ച്, മിണ്ടാമഠത്തിലെ കപ്പേളയിൽ സമാപിക്കുന്നതാണ്. സിനഡ് അംഗങ്ങൾ എല്ലാവരും ദിവ്യകാരുണ്യ ആരാധനയിലും പ്രദക്ഷിണത്തിലും പങ്കെടുക്കണമെന്നു അപേക്ഷിക്കുന്നു. കൂടാതെ കോട്ടയത്തും സമീപ ഫൊറോനായിലുമുള്ള എല്ലാ ഇടവകകളിൽ നിന്നും കൂടുതൽ പേർ ദിവ്യകാരുണ്യ ആരാധനയിലും പ്രദക്ഷിണത്തിലും പങ്കെടുക്കുവാനും ഉച്ചകഴിഞ്ഞു 2 മണിയോടുകൂടി വിമലഗിരിയിൽ എത്തുവാനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണേ.

ഒക്ടോബർ 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് വരാപ്പുഴ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മിണ്ടാമഠത്തിൽ കൃതജ്ഞതാബലിയർപ്പിക്കുന്നു. അന്നേ ദിനം അർപ്പിക്കപ്പെടുന്ന ഈ ദിവ്യബലിയിൽ പങ്കുചേരുവാൻ എല്ലാ ബഹു. വൈദികരും സന്യസ്തരും ശ്രമിക്കുമല്ലോ. സഭയുടെ നവീകരണ യത്നത്തിൽ നാം ഓരോരുത്തരും നമ്മുടെ ജീവിതാന്തസ്സിനു അനുസൃതമായി ആത്മാർത്ഥമായി സഹകരിക്കണം. എല്ലാത്തിനുമുപരിയായി ദിവ്യകാരുണ്യത്തിൽ നിന്ന് ഊർജ്ജവും ശക്തിയും സംഭരിച്ചു നമുക്ക് ലോകത്തിനു പ്രകാശമാകാം, പ്രത്യാശ പകരാം.

ഏവരെയും പരി. വിമലഗിരി മാതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചു കൊള്ളുന്നു.

കോട്ടയം
16-09-2023

**† സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

---

*NB:*

1. ഈ സർക്കുലർ ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.
2. ഒക്ടോബർ 7,8 തീയതികളിൽ താമസസൗകര്യം ആവശ്യമുള്ളവർ വികാരി അച്ചന്മാർ വഴി കൂരിയയെ ഒക്ടോബർ 1-ാം തീയതിക്കകം അറിയിക്കേണ്ടതാണ്.

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ
## 2023 ആഗോളപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

*"ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ"* (ലൂക്കാ 24: 13-35) കാണുക

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

**1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുക ആയിരുന്നു. നമ്മുടെ പ്രേഷിത പ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തന പ്പെടുത്തുകയും ചെയ്യുന്നു.***

ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

"അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തു കൊണ്ടുപോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്രചെയ്തു" (വാ. 15). ആദ്യശിഷ്യരെ

വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെ കൂടെനടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും" (വാ. 25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, "പ്രത്യാശ മോഷ്ടിക്കപ്പെട്ട വരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം" (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകംമുഴുവനുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂര നാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ള വരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കി യിരിക്കുന്നു" ( യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ചശേഷം, "മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം

ജ്വലിക്കുകയായിരുന്നില്ലേ?" ( വാ. 32). യേശുതന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കത് വ്യാഖ്യാനിച്ചുതന്നില്ലെങ്കിൽ, വിശുദ്ധലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും" (*അവൻ അവർക്ക് തുറന്നുകൊടുത്തു*, 1 [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റുഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

**2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്.**

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായക ഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ ഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ.

എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർത്ഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിതപ്രവൃത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിതപ്രവർത്തനം അല്ലേ? കാരണം, ക്രിസ്തു തന്നെയാണ് മുറിക്കപ്പെടുന്നത്; അത് പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നത ഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയും ആണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: "ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണം എന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യൂച്ചസ്ഥാനവുമാണ്: 'യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിത സഭയാണ്'" (*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണെല്ലോ! ക്രിസ്തുവുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക്പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29 കാണുക).

**3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.**

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെതന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നിവയിൽനിന്ന് സ്വതന്ത്ര രാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു" (*സുവിശേഷത്തിന്റെ സന്തോഷം*,1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാരപൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes*) സനാതന സാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച

ഭൂമിയുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷവൽക്കരിക്കുക എന്ന് പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളും ഉപരി സമാധാനത്തിന്റെ സദ്‌വാർത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിത ദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേഷിതപ്രവർത്തനം തന്നെയാണ്" (*സുവിശേഷത്തിന്റെ സന്തോഷം*, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോട് സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹന ത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മിക വുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിതസഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാരത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്ക്തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്ത് വിശ്വസിക്കുയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷീകമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങിപുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങി ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

***റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദൈവാലയത്തിൽവച്ച്***
***കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവദിനത്തിൽ,***
***2023 ജനുവരി 6-ാം തീയതി നൽകിയത്.***

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

# മണിപ്പൂർ അക്രമണങ്ങൾ അപലപനീയം

**വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ**



വിമലഗിരി പാസ്റ്ററൽ സെന്ററിൽ വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ കൂടിയ വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം മണിപ്പൂരിൽ നടക്കുന്ന മനുഷ്യാവകാശ ധ്വംസനിങ്ങളിലും അക്രമണങ്ങളിലും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിസ്സംഗത വെടിഞ്ഞ് ഫലപ്രദമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വിജയപുരം രൂപതാ മെത്രാൻ ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ കൊച്ചിയിൽ നടന്ന 41-ാമത് കെ.ആർ.എൽ.സി.സി. ജനറൽ അസംബ്ലി അംഗീകരിച്ച തീരുമാനങ്ങളുടെ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ രാഷ്ട്രീയകാര്യ സമിതിയുടെ റിപ്പോർട്ട് ചെയർമാൻ ഫാ. വർഗ്ഗീസ് ആലുങ്കലും, ഈ വർഷം കേരളസഭ ആഘോഷിച്ചപ്പോൾക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ മാർഗ്ഗരേഖ ഫാ. മനോജ് ലോബോയും അവതരിപ്പിച്ചു.

ഭരണ നിർവ്വഹണത്തിലും രാഷ്ട്രീയ സംവിധാനങ്ങളിലുമുള്ള രൂപതാംഗങ്ങളുടെ പങ്കാളിത്തം കെ.ആർ.എൽ.സി.സി. യുടെ മൂല്യാധിഷ്ഠിത പ്രശ്നാധിഷ്ടിത സമദൂര നിലപാട്, രാഷ്ട്രീകാര്യസമിതിയുടെ ശാക്തീകരണം, ഒക്ടോബർ 7-8 തീയതികളിൽ രൂപതയിൽ നടത്തുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ കർമ്മപരിപാടി എന്നീ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. അജി ചെറുകാക്രാംചേരിൽ, ജോയിന്റ് സെക്രട്ടറി സാജു ജോസഫ്, സെബാസ്റ്റ്യൻ പത്യാല, കെ.ജെ. ജോസഫ്, ത്രേസ്യാമ്മ മത്തായി, പി.റ്റി. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

# യുവത്വം സമകാലികയുഗത്തിൽ

ഫാ. എസ്.ജെ. പ്ലാത്തോട്ടം



യുവത്വം മാറ്റത്തിന്റെയും പുരോഗതിയുടെയും ഭാവിയുടെയും പര്യായമായി നിർവചിക്കപ്പെട്ടിരിക്കുന്നു. യുവത്വം ജീവിതത്തിന്റെ വസന്തകാലമാണ്. ഈ വസന്തത്തിന്റെ ആഘോഷം ജീവിതത്തിൽ എങ്ങനെ നടത്തപ്പെടുന്നുവെന്നതിൽ യുവത്വത്തിന്റെ വിജയപരാജയങ്ങൾ അടങ്ങിയിരിക്കുന്നു. യുവത്വത്തിന്റെ ഈ സുന്ദര കാലയളവിലാണ് യുവജനങ്ങൾ വെല്ലുവിളികളെ അഭിമുഖീകരിക്കുകയും ഭാവിയിലെ പൂർണ്ണ വികസനത്തിനായി ഒരു ഇടം സൃഷ്ടിക്കുകയോ പുനഃസൃഷ്ടിക്കുകയോ ചെയ്യുന്നത്. ഇവിടെ യുവത്വം പ്രശ്നങ്ങളെ അവസരങ്ങളിലേക്കും പരിഹാര മാർഗ്ഗങ്ങളിലേക്കും മാറ്റുകയും ചരിത്രത്തിന്റെയും സമൂഹത്തിന്റെയും മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു ചാലകശക്തിയായി തീരുകയും ചെയ്യുന്നു. ബയോമെഡിക്കൽ എൻജിനിയർ ആയ ലെസ്സി അലോൻസോ ഫിഗുറോവ യുവത്വത്തെ വിശേഷിപ്പിക്കുന്നത് ഭൂതകാലത്തെ മറക്കാതെ, ന്യായമായ ഒരു ലോകത്തിനായി പോരാടാനുള്ള വെല്ലുവിളി സ്വീകരിക്കുകയും ഭയവും വിവേചനങ്ങളും ഇല്ലാതാക്കി സമസ്ത സുന്ദരമായ ഒരു ലോകത്തിനായി നിരന്തരം പോരാടുകയും ചെയ്യുന്ന അവസ്ഥ, ഇതിനെയാണ് യുവത്വം എന്നു വിളിക്കുന്നത്. ഇങ്ങനെ യുവത്വത്തെ അതിന്റെ സുന്ദരതയിലും പവിത്രതയിലും പരിപാലിക്കുവാനും നാളത്തെ സമൂഹ സൃഷ്ടിക്കായി ഇന്നിന്റെ യുവതലമുറയെ ഒരുക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. യുവത്വം ഇന്ന് അഭിമുഖീകരിക്കുന്ന ഏതാനും പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളുമാണ് ഇവിടെ പറയാൻ ശ്രമിക്കുന്നത്.

അലസമായ ജീവിതചര്യകളും ലക്ഷ്യമില്ലാത്ത ജീവിതപ്രയാണങ്ങളും അപക്വമായ തെരഞ്ഞെടുപ്പും യുവജന ജീവിതത്തെ ഏറെ പ്രയാസപ്പെടുത്തുന്നു. തന്നെ സ്നേഹിച്ചു വളർത്തിയ പ്രിയപ്പെട്ട മാതാപിതാക്കളോടും സമൂഹത്തോടുമുള്ള കടപ്പാടുകൾ വളരെ വേഗത്തിൽ മറന്നു കളയുന്നു. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളും ലഹരി വസ്തുക്കളും ധാർമ്മിക മൂല്യങ്ങൾ കാറ്റിൽ പറത്തിയ ലൈംഗികതയും യുവസമൂഹത്തിന്റെ ജീവിതത്തെ കാർന്നു തിന്നുന്നു. ഒരു സമൂഹത്തിനു ശരിയായ ദിശാബോധവും പൗരബോധവും വളർത്തുന്നത് ഒരു സമൂഹം കൊടുക്കുന്ന വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ്. ഇന്ന് യുവാക്കൾ കടന്നുവരുന്ന ഉന്നത വിദ്യാഭ്യാസരംഗം ഏറെ തരം താണു പോകുന്നു. മൂല്യച്യുതിയും രാഷ്ട്രീയ ഇടപെടലുകളും പഠനരംഗത്തും ക്യാമ്പസ് ജീവിതത്തിലും യുവതലമുറയുടെ ജീവിതം താറുമാറാക്കുന്നു. കാലാനുസൃതമായി പരിഷ്കരിക്കാത്ത സിലബസും കരിക്കുലവും പഠിച്ചുവരുന്നതാണ് ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന അടിസ്ഥാനപ്രശ്നം. അതതു കാലത്തെ തൊഴിലുമായോ വ്യവസായവുമായോ സ്ഥാപനങ്ങളുമായോ ഒരു ബന്ധ

വുമില്ലാത്ത ഉന്നതവിദ്യാഭ്യാസംകൊണ്ട് യുവജനത്തിന് ആധുനിക കാലത്തെ ആവശ്യങ്ങളെ അഭിമുഖീകരിക്കുവാൻ കഴിയാതെ പോവുന്നു. ഇന്നത്തെ സമൂഹത്തിന് ആവശ്യമായ തൊഴിൽ മേഖലകൾ എത്തിപ്പിടിക്കാൻ ആവശ്യമായ രീതിയിൽ ഉള്ള വിദ്യാഭ്യാസം രൂപകല്പന ചെയ്യാൻ നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് കഴിയാതെ പോകുന്നു. പരിണതഫലമായി തൊഴിൽ നേടാനുള്ളശേഷി നമ്മുടെ യുവജനങ്ങൾക്ക് നഷ്ടപ്പെടുകയും തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു.

ഈ അടുത്ത നാളുകളിൽ പുറത്ത് വന്ന കണക്ക് അനുസരിച്ച് കേരളത്തിൽ നിന്നു ഓരോ വർഷവും 40000 ത്തോളം വിദ്യാർഥികൾ വിദേശരാജ്യങ്ങളിൽ പഠനത്തിനായി പോകുന്നു. പ്ലസ് ടു വിനുശേഷം തന്നെ വിദേശത്തേക്ക് പഠനം മാറ്റുന്ന പ്രവണത കൂടി വരുന്നു. ഇവിടെ പഠനം പൂർത്തിയാക്കിയാലും തൊഴിൽ കണ്ടെത്താനുള്ള പ്രയാസമാണ് ചെറുപ്പത്തിൽത്തന്നെ നമ്മുടെ യുവജനങ്ങൾ നാടുവിടുവാൻ കാരണമായി തീരുന്നത്. 'പണം തരൂ സർട്ടിഫിക്കറ്റ് റെഡി' ഈ അവസ്ഥ കേരളത്തിൽ സാധാരണമായി. നിലവാരമില്ലാത്ത ഗവേഷണവും തൽഫലമായി നഷ്ടമായ വിശ്വാസ്യതയും നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ അപചയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. എഴുപതുകളിലെ ഗൾഫ് കുടിയേറ്റവും 90-കളിലെ യൂറോപ്യൻ അമേരിക്കൻ തൊഴിൽ തേടലിനുശേഷം നമ്മുടെ യുവജനത ഇന്ന് ഒരു മൂന്നാം കുടിയേറ്റത്തിന്റെ വക്കിലാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠനം പറയുന്നതനുസരിച്ച് 15 ലക്ഷമാളുകൾ കേരളത്തിൽനിന്നും പഠനത്തിനും ജോലിക്കുമായി വിദേശരാജ്യങ്ങളിൽ ഉണ്ടെന്നാണ്. ഇതിൽ ഭൂരിപക്ഷവും യുവജനങ്ങൾതന്നെ.

LKG മുതൽ 12-ാം ക്ലാസ്സുവരെയോ അല്ലെങ്കിൽ ഡിഗ്രിവരെയോ മതബോധനം നടത്തിയ യുവജനങ്ങൾ പിന്നീട് ആത്മീയ കാര്യങ്ങളോടും വിശ്വാസജീവിതത്തോടും താല്പര്യമില്ലാത്ത സഭാവിരോധികളായി മാറുന്ന ദയനീയ കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ വിശ്വാസ പരിശീലന രംഗത്ത് കാര്യമായ ശ്രദ്ധ നല്കാതെ പോകുന്നുവെന്നതിന്റെ സൂചനകളിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ആഴമായ ക്രിസ്തു അനുഭവത്തിലേക്കും യേശുവുമായുള്ള സഹവാസത്തിന്റെയും വിശ്വാസത്തിന്റെയും ആഴങ്ങളിലേക്ക് എത്താതെയും ഉപരിപ്ലവമായി നടത്തുന്ന ഒരു പ്രക്രിയയായി നമ്മുടെ വിശ്വാസ പരിശീലന ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ഇത് യുവജനങ്ങളുടെ വിശ്വാസ ബോധ്യങ്ങൾക്കും വിശ്വാസ സാക്ഷ്യത്തിനും ഉതകാത്തതായിതീരുന്നു.

ഈ അടുത്തനാളിൽ തിരുവനന്തപുരത്തെ എസ്.യു.ടി. ഹോസ്പിറ്റലിലെ കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് ഡോ. നിതിൻ എ. എഫ് ന്റെ പഠനം അനുസരിച്ച് വിവാഹം കഴിക്കാൻ പെൺകുട്ടികളെ കിട്ടാത്ത ആൺകുട്ടികളുടെ എണ്ണം അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. വിവാഹത്തിനായി മാര്യേജ് ബ്യൂറോകളിൽ രജിസ്റ്റർ ചെയ്ത 1653908 യുവതീയുവാക്കളിൽ 1609940 ഉം യുവാക്കൾ തന്നെ. കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ താല്പര്യമില്ലാത്ത പെൺകുട്ടികളുടെ എണ്ണം ഇന്ന് ഏറിവരുന്നു. ഈ അടുത്ത നാളുകളിൽ കേരളത്തിൽ പെരുകി വരുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള ലൈംഗീക അതിക്രമ

ങ്ങൾ വിവാഹ ജീവിതത്തിൽ നിന്നും പെൺകുട്ടികളെ അകറ്റി നിർത്തുന്നു. വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനങ്ങളും സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ ചില ധാരണകളും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടുന്നു. വിവാഹ ജീവിതത്തിന്റെ പവിത്രത നഷ്ടപ്പെടുത്തി ലിവിങ് ടുഗെതർ എന്ന പുതുസംവിധാനത്തിലേക്ക് യുവജനങ്ങൾ നീങ്ങി തുടങ്ങി.

സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാന ഗ്രഹപാഠമായ സാമൂഹ്യവൽക്കരണ സംവിധാനങ്ങൾ ഇന്നു കുടുംബങ്ങളിൽ നിന്ന് നമ്മുടെ യുവതിയുവാക്കൾക്കു ലഭിക്കുന്നില്ല. നല്ലതും ചീത്തയും വേർതിരിച്ച് അറിയുവാനും, ഒരു സാമൂഹ്യ സംവിധാനത്തിന്റെ ഭാഗമായി സമൂഹ ജീവിയായി ജീവിക്കാനും കുടുംബങ്ങളിൽ നിന്നും ലഭിച്ചിരുന്ന പലതും ഇന്നും കുട്ടികൾക്ക് ലഭിക്കുന്നില്ല. തിരുത്തപ്പെടേണ്ടത് തിരുത്തുവാനും വളർത്തേണ്ടത് വളർത്തുവാനും ആവശ്യമായ പരിശീലനം നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇന്ന് ലഭിക്കാതെ പോകുന്നു. ഇത് യുവത്വത്തിലേക്ക് പ്രവേശിക്കുമ്പോൾ ആരുടെയും നിയന്ത്രണത്തിലാകാതെ സ്വയം വിഹരിക്കുന്ന യുവത്വത്തെയാണ് നാം ഈ സമകാലിക ലോകത്തിൽ കണ്ടുമുട്ടുന്നത്.

ഈ സമകാലിക ലോകത്തിൽ യുവജനപരിശീലനവും രൂപപ്പെടുത്തലും സഭയുടെയും രാഷ്ട്രത്തിന്റെയും സവിശേഷ ശ്രദ്ധ പതിക്കേണ്ട ഒരു മേഖലയാണ്. കാരണം നാളത്തെ സാമൂഹിക നിലനില്പ്പിനും സമൂഹസൃഷ്ടിക്കും നിയുക്തരായ യുവതീയുവാക്കളുടെ പങ്ക് ഏറെ നിർണ്ണായകമാണ്. ഇതിന് ആവശ്യമായ പരിശീലനം യുവജനങ്ങൾക്ക് ലഭിക്കേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നുതന്നെയാണ്. ചിട്ടയായ ജീവിതക്രമവും ദിശാബോധവും ചെറുപ്പം മുതൽ കുട്ടികളിൽ രൂപപ്പെടുത്തണം. നന്മതിന്മകളെ വിവേചിക്കുവാനും ധാർമ്മിക മൂല്യങ്ങളെ വളർത്തിയെടുക്കുവാനും കുടുംബത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ യുവജനങ്ങളുടെ ജീവിതക്രമത്തെ വഴി തെറ്റിക്കുന്നു. ഈ അടുത്ത നാളിൽ ചൈനയിൽ കുട്ടികളുടെ മൊബൈയിൽഫോൺ ഉപയോഗത്തിന് കടുത്ത നിയന്ത്രണങ്ങളാണ് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ദിവസത്തിൽ ഏതാനും മണിക്കൂറുകൾ മാത്രം ഇന്റർനെറ്റ് ഉപയോഗത്തിനു അവസരം നല്കി നിയന്ത്രിച്ചിരിക്കുന്നു. ഇതുപോലെയുള്ള ചില നിയന്ത്രണങ്ങളും ആരോഗ്യപരമായ സോഷ്യൽ മീഡിയായുടെ ഉപയോഗം നമ്മുടെ കുട്ടികളെയും യുവാക്കളെയും പരിശീലിപ്പിക്കേണ്ടതുണ്ട്.

വളർത്തി വലുതാക്കിയ മാതാപിതാക്കളും ബന്ധുജനങ്ങളും ഇനി തങ്ങൾക്ക് ആവശ്യമില്ലാന്നു ചിന്തിക്കുന്ന യുവതീയുവാക്കളുടെ എണ്ണം കൂടുന്നു. മാതാപിതാക്കൾ ഭാരമായി അനുഭവപ്പെടുന്നു. മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കളുടെ എണ്ണം കൂടിവരുന്നു. ജീവിതത്തിൽ സാമൂഹ്യജീവിതത്തിന്റെ കടപ്പാടുകളും ജീവിതബന്ധങ്ങളുടെ ഊഷ്മള ഭാവവും യുവജനങ്ങളിൽ വളർത്തിയെടുക്കണം. മാതാപിതാക്കൾ കുട്ടികളെ ജീവിതത്തിന്റെ പ്രതിസന്ധികളും പ്രയാസങ്ങളും മനസ്സിലാക്കി വളർത്താൻ തയ്യാറാവണം. എല്ലാ സൗകര്യങ്ങളുടെ നടുവിൽ ബന്ധങ്ങളുടെ അനിവാര്യതയും ഊഷ്മളജീവിതത്തിന്റെ ധന്യമുഹൂർത്തങ്ങളും ജീവിതത്തിൽ അറിഞ്ഞു വളരുവാൻ നാം ഇടം നല്കണം. മദ്യത്തിന്റെയും മയക്കുമരുന്നുപോലെയുള്ള ലഹരി വസ്തുക്കളുടെയും ഉപയോഗം ഇന്ന് യുവാക്കളിൽ കൂടി വരു

ന്നു. ഇതിനു കാരണമായി പറയുന്നത് ദിശാബോധം നഷ്ടപ്പെടുന്ന ഒരു സമൂഹത്തിന്റെ അപചയത്തിന്റെ സൂചനകളാണ്. ലക്ഷ്യം മുൻനിർത്തി ജീവിതപ്രയാണം നടത്താൻ യുവതീയുവാക്കളെ പഠിപ്പിക്കണം. നമ്മുടെ പാഠപുസ്തകങ്ങളുടെയും മൂല്യാധിഷ്ഠിത പഠനപ്രക്രിയയുടെയും അനിവാര്യത ഇവിടെയാണ് വ്യക്തമാകുന്നത്. തൊഴിൽ ഇടങ്ങൾ നമ്മുടെ യുവജനങ്ങളുടെ മുൻപിൽ അടയ്ക്കപ്പെടുന്നു. പഠിച്ചിട്ടും ജോലി ലഭിക്കുന്നില്ല, തൊഴിലിടങ്ങൾക്കു പറ്റിയ നൈപുണ്യം കൈവരിക്കുവാൻ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു കഴിയുന്നില്ല. കൂടുതൽ തൊഴിൽശാലകളും വ്യവസായ സംരംഭങ്ങളും ആരംഭിച്ച് തൊഴിൽ മേഖല ശക്തിപ്പെടുത്തുവാൻ സർക്കാരുകൾ ശ്രമിക്കേണ്ടത് ഏറെ അനിവാര്യമാണ്. കേരളത്തിൽ താറുമാറായി കിടക്കുന്ന ഉന്നത വിദ്യാഭ്യാസ മേഖല ഒരു വലിയ അഴിച്ചുപണി തയ്യാറാകണം. നിയന്ത്രണമില്ലാത്ത രാഷ്ട്രീയ ഇടപെടലുകൾ ഇന്നത്തെ പഠനപ്രക്രിയയെ ശ്വാസം മുട്ടിക്കുന്നു. 20 വർഷം പഴക്കമുള്ള സിലബസും കരിക്കുലവും ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കാതെ വരുന്നു.

പഠനത്തിനും ജോലിക്കുമായി കുടിയേറുന്ന ജോലിക്കാരുടെ എണ്ണം ഏറിവരുന്നു. നമ്മുടെ നാട്ടിൽ ആവശ്യത്തിന് മൂലധനവും സാധ്യതകളും ഉള്ളപ്പോഴും ഈ കുടിയേറ്റത്തിന് ആക്കം കൂട്ടുന്നത് നമ്മുടെ സാധ്യതകളെ വേണ്ടവിധം യുവജനങ്ങളുടെ മുൻപിൽ തുറന്നു വയ്ക്കാൻ കഴിയാതെ പോകുന്ന സംവിധാനങ്ങളാണ്. ഒരുതരത്തിലും സുരക്ഷിതത്വം ഇല്ലാത്ത അവസ്ഥ യുവജനങ്ങളുടെ മുൻപിൽ നിലനില്ക്കുമ്പോൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്ന യുവതീയുവാക്കളുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നു. തൊഴിൽ ഇടങ്ങളിലെ ന്യായമായ വേതനത്തിന്റെ കുറവും ഈ കുടിയേറ്റത്തിനു സാധ്യത കൂടുതൽ ലഭിക്കുന്നു.

നമ്മുടെ വിശ്വാസപരിശീലന രംഗങ്ങളും ആത്മീയ സംവിധാനങ്ങളും കാലത്തിനൊത്ത് മാറ്റപ്പെടാതെ വെറും ശുഷ്ക്കമായ ആത്മീയ സംവിധാനങ്ങളായി മാറുന്നു. ശക്തമായ ക്രിസ്ത്വാനുഭവവും ദീപ്തവുമായ വിശ്വാസബോധ്യങ്ങളും നമ്മുടെ മതബോധന ക്ലാസ്സുകൾക്കോ മറ്റ് വിശ്വാസ പരിശീലന സംവിധാനങ്ങൾക്കോ പകർന്നു കൊടുക്കുവാൻ കഴിയാതെ പോകുന്നു. ഇന്നത്തെ യുവജനങ്ങളുടെ കാര്യങ്ങളെ ക്രിയാത്മകമായി മനസ്സിലാക്കി നിയതമായ വിശ്വാസപരിശീലനവും ദർശനങ്ങളും നാം കൊടുക്കേണ്ടതുണ്ട്. നമ്മുടെ ദൈവവിളികൾ ഇന്ന് ഏറെ കുറഞ്ഞു വരുന്നു. സന്ന്യാസവും പൗരോഹിത്യവും ഒരു പ്രഹനത്തിന്റെ അനുഭവങ്ങളായി യുവാക്കൾ കാണുന്നു. വിശ്വാസത്തിൽ ആഴപ്പെടുത്തി ജീവിതത്തിന്റെ വിളികളെ മനസ്സിലാക്കുവാനും ഈ ജീവിതത്തിന്റെ അർഥവും വിശുദ്ധിയും മനസ്സിലാക്കി യുവതലമുറയെ നാം വളർത്തിയെടുക്കണം. വിവാഹത്തിന്റെ പവിത്രതയും കുടുംബജീവിതത്തിന്റെ അനിവാര്യതയും യുവജനങ്ങളിൽ രൂപപ്പെടുത്തണം.

ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങളുടെ നടുവിലാണ് നമ്മുടെ യുവതലമുറ. ജീവിതത്തിന്റെ വസന്തകാലത്തിന്റെ സന്തോഷങ്ങൾ നഷ്ടപ്പെടുത്തി അരക്ഷതയുടെ ലോകത്തിൽ ആയിരിക്കുന്ന യുവതലമുറയ്ക്കു പ്രകാശവും ജീവനും നല്കുവാൻ നമുക്ക് കഴിയണം. നമ്മുടെ മതബോധന ക്ലാസ്സുകളും കുടുംബയൂണീറ്റുകളും ഇടവകകളും ക്രൈസ്തവ സഭയും ഇക്കാര്യത്തിൽ സവിശേഷമായ ശ്രദ്ധ പതിക്കേണ്ടതിന്റെ സമയം അതിക്രമിച്ചു കഴിഞ്ഞു. വിശുദ്ധിയിലും വിജ്ഞാനത്തിലും മുന്നേറുന്ന ഒരു യുവജനസമൂഹത്തെ സ്വപ്നം കണ്ടുകൊണ്ട് നമുക്ക് യാത്ര തുടരാം.

# ജപമാല രക്ഷാകവചം

സി. മേരി ദിവ്യാ DIH

ജപമാല പ്രാർത്ഥന ദൈവമാതാവിനോടുള്ള പ്രാർത്ഥന അല്ല മറിച്ച്, അമ്മ വഴി സ്വർഗസ്ഥനായ പിതാവിനോടാണ് നാം പ്രാർത്ഥിക്കുന്നത്. ഗബ്രിയേൽ മാലാഖ മറിയത്തെ മംഗളവാർത്ത അറിയിക്കുന്നത് മുതൽ യേശുവിന്റെ ജനനം, ബാല്യം, പരസ്യജീവിതം, സുവിശേഷപ്രഘോഷണം, അൽഭുതങ്ങൾ, അടയാളങ്ങൾ, കുരിശുമരണം, ഉയിർപ്പ് , സ്വർഗ്ഗാരോഹണം, പെന്തക്കോസ്ത അനുഭവം, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം, സ്വർഗ്ഗപ്രാപ്തിയും കിരീടധാരണവും വരെയുള്ള സംഭവങ്ങൾ സഭയുടെ പഠനങ്ങളെയും വിശുദ്ധ ഗ്രന്ഥത്തെയും ആധാരമാക്കി നാം ധ്യാനിക്കുന്നത് ജപമാലയിലെ 20 രഹസ്യങ്ങളിലൂടെയാണ്. യേശുക്രിസ്തുവിന്റെ പരസ്യ ജീവിതത്തിന്റെയും, പീഡാനുഭവത്തിന്റെയും, ഉയർപ്പിന്റെയും ധ്യാനവും, പരിശുദ്ധ മറിയത്തിന് യേശുവിന്റെ രക്ഷാകര സംഭവത്തിലുള്ള പങ്കാളിത്തത്തിന്റെ അനുസ്മരണവുമാണ് ജപമാല. മാതൃസ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതീകമായി പരിശുദ്ധ അമ്മ നിലകൊള്ളുന്നു. പരിശുദ്ധ മറിയത്തിന് പരിശുദ്ധ ത്രിത്വത്തോട് ഉണ്ടായിരുന്ന വിധേയത്വം വഴി പരിശുദ്ധ അമ്മ നമ്മുടെ വിശ്വാസത്തിന് അർത്ഥം നൽകുന്നു. നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിലേക്ക് എത്തിക്കാനുള്ള ഒരു എളുപ്പവഴിയായി പരിശുദ്ധ അമ്മ മാറുന്നു. മാതാവിൻറെ മാധ്യസ്ഥത ഒരു കവചമായി എപ്പോഴും അനുഭവിക്കാൻ നമുക്ക് സാധിക്കുന്നു. പാപത്തിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും മോചനം നേടാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കുന്നു. അങ്ങനെ ജപമാല നമുക്ക് സംരക്ഷണം ആകുന്നു. ശക്തിയുള്ള ആയുധമാണ് ജപമാല. ജപമാല ചൊല്ലുന്ന വ്യക്തിക്ക് പാപത്തിൽ നിന്ന് അകന്ന് ജീവിക്കാൻ സാധിക്കുന്നു. പിശാചിനെ കീഴടക്കാനും ജീവിതത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കാനും കൂടുതൽ തീഷ്ണതയോടെ പുണ്യങ്ങൾ സമ്പാദിക്കാനും അപ്രകാരം വ്യക്തിജീവിതത്തിൽ സമാധാനം നിലനിർത്താനും വേണ്ടിയുള്ള ഏറ്റവും ശക്തമായ ആയുധമായി ജപമാല പ്രാർത്ഥന നിലകൊള്ളുന്നു. കുടുംബങ്ങളുടെ ഐക്യത്തിനും വ്യക്തികളുടെ ജീവിത നവീകരണത്തിനും ജപമാല പ്രാർത്ഥന ഏറെ സഹായകമാണ്. പരസ്പരം പ്രാർത്ഥിക്കുവാൻ അന്യോന്യം ശക്തിപ്പെടുത്തി വിശ്വാസത്തിൽ ആഴപ്പെടുവാൻ ഐക്യത്തിൽ ജീവിക്കുവാൻ ജപമാല നമ്മെ സഹായിക്കുന്നു. മനുഷ്യവംശത്തിന് ഒരു പാഠപുസ്തകമാണ് പരിശുദ്ധ അമ്മ എന്ന വിശുദ്ധ അംബ്രോസിന്റെ വാക്കുകൾ ഇതിന് ഉത്തമ ഉദാഹരണമായി മാറുന്നു. ജപമാല പ്രാർത്ഥന നമ്മെ ദൈവത്തോട് ബന്ധിപ്പിക്കുന്ന മാധുര്യമുള്ള ചങ്ങലയും നമുക്ക് കരുത്തു നൽകുന്ന ഒരു ദൈവിക സമ്മാനവും ആയി മാറുന്നു ജപമാല.


വിശുദ്ധരുടെ ജീവിത സാക്ഷ്യത്തിലൂടെയും പരിശുദ്ധ അമ്മയുടെ ദർശനങ്ങളിലൂടെയും ജപമാല ഭക്തി ലോകമെമ്പാടും പ്രചരിക്കപ്പെട്ടു. പല വിചാരവും അലസതയും ഒരുപക്ഷേ നമ്മുടെ ജപമാല പ്രാർത്ഥനകളിൽ തടസ്സം നിന്നേക്കാം എങ്കിലും നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന നമുക്ക് നമ്മുടെ ഹൃദയങ്ങളിൽ, കുടുംബങ്ങളിൽ സന്തോഷവും സമാധാനവും നിലനിർത്തും. വിജയങ്ങളെക്കാൾ നമ്മുടെ പരിശ്രമങ്ങൾക്ക് വിലയിടുന്ന കർത്താവ് നമുക്ക് പ്രതിഫലം നൽകുമെന്ന് ഉറച്ചു വിശ്വസിക്കാം. പാപികളുടെ മാനസാന്തരം മുതൽ കോളറ പോലുള്ള പകർച്ച വ്യാധികളിൽ നിന്നും യുദ്ധങ്ങളിൽ നിന്നും ഉള്ള മുക്തി ജപമാല പ്രാർത്ഥനയുടെ ശക്തിയാൽ വിശ്വാസികൾ നേടിയെടുത്തു എന്നതിന് ചരിത്രം സാക്ഷിയായി മാറുന്നു. വിശുദ്ധിയുടെ വളർച്ചയിലേക്കുള്ള യഥാർത്ഥ പാതയും ആധുനിക ലോകത്തിലെ തിന്മകൾക്കെതിരെ പടപൊരുതാനുള്ള ദിവ്യ ആയുധവും ആണ് ജപമാല. വിശുദ്ധ ഡി മോൺഫോർട്ട് ജപമാലയെ കുറിച്ച് ഇപ്രകാരം പറയുന്നു ദിനംപ്രതി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർ പാപത്തിൽ വീഴുകയില്ല ഇത് എന്റെ രക്തം കൊണ്ട് എഴുതി ഒപ്പിടാൻ എനിക്ക് മടിയില്ല. നമ്മുടെ ജീവിതത്തിന്റെ ശക്തികേന്ദ്രവും സംരക്ഷണവുമായ പരിശുദ്ധ അമ്മയുടെ കരങ്ങൾ പിടിച്ച് ഫലങ്ങൾ പുറപ്പെടുവിക്കാൻ പാപവഴികൾ ഉപേക്ഷിക്കാൻ ഉത്തരവാദിത്തങ്ങൾ ഉത്സാഹത്തോടെ നിർവഹിക്കാൻ മറ്റുള്ളവർക്ക് വഴികാട്ടിയാവാൻ നമുക്കും സാധിക്കട്ടെ. ജപമാല കരങ്ങളിലേന്തി പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്കും യാത്ര ചെയ്യാം....

വിശുദ്ധ ബർണാഡ് പറയുന്നു: "മറിയമേ" അങ്ങയെ അനുഗമിച്ചാൽ എനിക്ക് മാർഗഭ്രംശം വരികയില്ല; അങ്ങയെ പറ്റി ചിന്തിച്ചാൽ എനിക്ക് തെറ്റു പറ്റുകയില്ല അമ്മയെ താങ്ങിയാൽ ഞാൻ വീഴുകയില്ല അതു സംരക്ഷിച്ചാൽ എനിക്ക് ഒന്നിനെയും ഭയപ്പെടേണ്ട. അങ്ങെയെ അനുയാത്ര ചെയ്താൽ ഞാൻ ക്ഷീണിക്കുകയില്ല. അമ്മ സ്നേഹപൂർവ്വം എന്നെ കടാക്ഷിക്കുമെങ്കിൽ ഞാൻ അങ്ങ് ആകുന്ന തുറമുഖത്ത് എത്തും.

---

## പരേതരെ സ്മരിക്കാം – ഒക്ടോബർ

| | | |
|---|---|---|
| 10 | (1966) | ഫാ. ജെയിംസ് ഉണ്ണാണ്ടൻപറമ്പിൽ |
| 11 | (1965) | ഫാ. വാലന്റൈൻ ഒ.സി.ഡി. |
| 13 | (2019) | ഫാ. കുര്യാക്കോസ് പ്ലാത്തോട്ടം |
| 20 | (1954) | ഫാ. സെബാസ്റ്റ്യൻ തെക്കേപ്പുര |
| 27 | (1969) | ഫാ. സെബാസ്റ്റ്യൻ മുഴങ്ങൻതറ |
| 29 | (1927) | ബ്ര. റോക്കി പാലയ്ക്കൽ റ്റി.ഒ.സി.ഡി. |



## ദിവ്യകാരുണ്യദിനം, സെൻ്റ് ജോസഫ് ചർച്ച് പൂവം



സഭാനവീകരണത്തിന്റെ ഭാഗമായി വിജയപുരം രൂപതയുടെ തിരുവല്ല മേഖലയിലെ പൂവം സെൻ്റ് ജോസഫ് ഇടവകയിൽ ദിവ്യകാരുണ്യ ദിനവും ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഇടവകതല ഉത്ഘാടനവും 03-09-2023 ഞായറാഴ്ച നടന്നു. രാവിലെ 9.30 നു ഇടവക വികാരി റവ. ഫാ.തോമസ് തൈപറമ്പിൽ, കാർമികൻ റവ. ഫാ. സെബാസ്റ്റ്യൻ നാലുകുളങ്ങര, പൂവം പ്രേഷിത റാണി കോൺവെൻറ് മദർ സുപ്പീരിയർ ബഹു. സിസ്റ്റർ വിനയ S.R.A., ഇടവക സമിതി സെക്രട്ടറി വർഗീസ് ആന്റണി, ഈ വർഷം ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളുടെ പ്രതിനിധി അഡോൺ ബൈജു എന്നിവർ ദീപം തെളിച്ചു കൊണ്ട് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് റവ.ഫാ. സെബാസ്റ്റ്യൻ നാലുകുളങ്ങര ആഘോഷമായ ദിവ്യബലിക്കു കാർമികത്വം വഹിച്ചു. ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചർച്ചാ ക്ലാസിന് റവ. ഫാ. സെബാസ്റ്റ്യൻ നാലുകുളങ്ങര നേതൃത്വം നൽകി. റിഫ്രഷ്മെന്റിനു ശേഷം ദിവ്യകാരുണ്യ ആരാധനയും അശീർവാദവും നടത്തി.



പട്ടുമല തിരുന്നാൾ ദിനത്തിൽ നിന്നും

# ചെറുപുഷ്പ മിഷൻ ലീഗ്



IGNITE - light a fire : മുണ്ടക്കയം മേഖല മിഷൻലീഗിന്റെ നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റ് നടത്തപ്പെട്ടു. 22-09-2023 മുണ്ടക്കയം സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽ വച്ച് മേഖലയിലെ 10 ഇടവകകളിൽ നിന്നെത്തിയ മിഷൻ ലീഗ് ഭാരവാഹികളുടെ മീറ്റിംഗ് നടത്തപ്പെട്ടു..

ഫൊറോന വികാരി ബഹു:ഫാ: ടോം ജോസ് സെമിനാർ ഉദ്ഘാടനം ചെയ്തു . വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ ചെറിയ കാര്യങ്ങൾ ചെയ്തു ക്രിസ്തുവിന്റെ പ്രേക്ഷിതരായി നാം മാറണമെന്ന് അദ്ദേഹം സൂചിപ്പിച്ചു .മേഖല ഡയറക്ടർ ഫാ. ജോമോൻ പള്ളിക്കൽ അധ്യക്ഷത വഹിച്ചു. ശ്രീ മാത്യു ഐക്കര ക്ലാസ് നയിച്ചു. തുടർന്ന് രൂപത സമിതിയുടെയും മേഖല ഡയറക്ടറുടെയും സാന്നിധ്യത്തിൽ മേഖലാതല ഇലക്ഷൻ നടത്തപ്പെട്ടു. സിസ്റ്റർ മേരി ടീന DIH, വൈസ് ഡയറക്ടറായും, സിസ്റ്റർ മേരി ജിയന DIH, ശ്രീമതി ബിനു റോയ് എന്നിവർ മേഖല ഓർഗനൈസറായും, ഫ്രാങ്ക്ലിൻ മിലൻ (പ്രസിഡന്റ്). ജർഷിദ് ജാൻസൺ (സെക്രട്ടറി), സെബിൻ വിനോദ് (വൈസ് പ്രസിഡന്റ്), റോസ് മരിയ ജെയിൻ (ജോയിൻറ് സെക്രട്ടറി), ആഷ്ലി റോസ് (ട്രഷറർ) ആയും തിരഞ്ഞെടുക്കപ്പെട്ടു. ഫാ ജോമോൻ പള്ളിക്കൽ പുതിയ നേതൃത്വത്തിന് ആശംസകൾ അറിയിച്ചു.

വിജയപുരം രൂപതാ മിഷൻലീഗ് ജനറൽ ഓർഗനൈസർ ശ്രീ അഭിജിത്ത് ജോൺസൺ ദൈവവിളിയെകുറിച്ചും വ്യക്തിത്വവികസനത്തെക്കുറിച്ചും ക്ലാസ് എടുത്തു. രൂപതാ ജനറൽ സെക്രട്ടറി സിന്റാ ഡെന്നീസ്, ശ്രീ സിജു പി കെ, വിവിധ ഇടവകകളിൽ നിന്നുള്ള ആനിമേറ്റേഴ്സും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.



തിരുബാലസഖ്യം ഓഗസ്റ്റ് മാസത്തെ പ്രവർത്തനമായ വിശുദ്ധരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കിയ കുട്ടികൾക്ക് വികാരി ഫാ. അജി ചെറുകാക്രാംഞ്ചേരിയിൽ സമ്മാനങ്ങൾ നൽകി അനുമോദിക്കുന്നു.



മൂവാറ്റുപുഴ ക്രിസ്തുരാജ മതബോധന കേന്ദ്രം ബാലിക ദിനം ആചരിച്ചു.



ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക ഡയറക്ടറായ ബഹുമാനപ്പെട്ട ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണാർത്ഥം നടത്തിയ പ്രസംഗം മത്സരത്തിൽ

**കുമാരി സിന്റ ഡെന്നീസ്**

എ. ഗ്രേഡ് കരസ്ഥമാക്കി.

രൂപത സമിതിയുടെ അഭിനന്ദനങ്ങൾ

## വിൻസെന്റ് ഡി പോൾ വാർത്തകൾ

ദൈവസന്നിധിയിൽ ചേർക്കപ്പെട്ട ബ്രദർ. സിറിലിന്റെ (മുൻ കരടികുഴി കോൺഫറൻസ് പ്രസിഡണ്ട് ) ഭാര്യ മഞ്ജുവിന് സൊസൈറ്റിയുടെ സെൻട്രൽ കമ്മിറ്റി സമാഹരിച്ച തുക ബോർഡ് അംഗങ്ങളായ ബ്ര. ഷിബു. എം. ഡി (കുമളി ഏരിയ കൗൺസിൽ പ്രസിഡണ്ട്) ബ്ര. ചാക്കോ നെല്ലിമല, ബ്ര. കെ. പി. ജോസ് എന്നിവർ ചേർന്ന് നൽകുന്നു.





രൂപതയിലെ ഫൊറോന വികാരിമാരുടെ മീറ്റിംഗ്
2023 സെപ്റ്റംബർ 27, 28തീയതികളിൽ ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്നു.



പാസ്റ്ററൽ കൗൺസിൽ

## ലഹരിവിരുദ്ധ പ്രചാരണ പരിപാടി -പാലാ




യുവജനങ്ങൾ ലഹരി വിരുദ്ധ പ്രചാരണത്തിന് മുന്നിട്ടിറങ്ങണം. ശ്രീ മാണി. സി.കാപ്പൻ എംഎൽഎ പാലാ ഗാഡലൂപ്പെ മാതാ ജനകീയ വികസന സമിതിയുടെയും, KCYM വിജയപുരം രൂപത സമിതിയുടെയും നേതൃത്വത്തിൽ, ജൂലൈ 3 ന്, പാലായിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടി 'സജീവം'ശ്രീ മാണി. സി. കാപ്പൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പട്ടിത്താനം ഫൊറോന വികാരി റവ. ഫാ. ഗ്രിഗറി കൂട്ടുമേൽ, KCYM രൂപത പ്രസിഡന്റ് ജോസ് വർക്കി,റവ. ഫാ. തോമസ് പഴവക്കാട്ടിൽ, റവ. ഫാ. ഡോമിനിക്ക് സാവിയോ, റവ. ഫാ. ഔസേപ്പ് പുത്തൻപറമ്പിൽ, റവ.ഫാ.മാത്യു ഒഴത്തിൽ, റവ. ഫാ. ജോസഫ് കുറ്റിക്കാട്ടിൽ, PDC സെക്രട്ടറി ജൂബി ജോർജ്, ഇടവക സമിതി സെക്രട്ടറി ശ്രീ.പി.വി. ജോർജ്, KCYMരൂപത ജനറൽ സെക്രട്ടറി സുബിൻ കെ സണ്ണി, സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ, പട്ടിത്താനം മേഖല പ്രസിഡന്റ് എബിൻ ജോസഫ്, പാലാ ഇടവക അനിമേറ്റർ റോസമ്മ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

---



അടിസ്ഥാന ശിലാസ്ഥാപനം
-തറകല്ലിടൽ
ജോൺ ദി ബാപ്റ്റിസ്റ്റ്
ദൈവലയം വേളൂർ



ബാലികാദിനാചരണം  മൗണ്ട് കാർമ്മൽ ചർച്ച്, ആണ്ടൂർ



രൂപതയിലെ ഇടവകയിൽ  ശുശ്രൂഷ ചെയ്യുന്ന സന്യസ്ത വൈദികരുടെ ഒരു മീറ്റിംഗ് ബിഷപ്പ്സ് ഹൗസിൽ



ചാത്തൻതറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ, അസ്സിസി ഹോസ്പിറ്റലിലെ സൈക്കോളജി ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ ദമ്പതിമാർക്കിടയിലെ പരസ്പര സ്നേഹവും ധാരണയും വിശ്വാസവും ആശയവിനിമയും മികവുറ്റതാക്കാനുള്ള പരിശീലനം ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ലിൻസ് മേരി സാമുവേലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## 'സജീവം' ലഹരിവിരുദ്ധ യജ്ഞം

കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളും പ്രത്യേക ദൗത്യമായി ഏറ്റെടുത്തിരിക്കുന്ന കർമ്മപരിപാടിയാണ് സജീവം. ലഹരിവിരുദ്ധ യജ്ഞം. സെപ്റ്റംബർ 5-ന് പാലാരിവട്ടം പി.ഒ.സി. യിൽ വച്ചു നടന്ന സംസ്ഥാന തല അവലോകനയോഗത്തിൽ വിജയപുരം രൂപതയിൽ വി.എസ്.എസിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി പ്രത്യേകം അഭിനന്ദിച്ചു. സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര, സജീവം പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## 'സജീവം' തീം സോംങ് പ്രകാശനം ചെയ്തു

സജീവം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി തയ്യാറാക്കിയ സന്ദേശഗാനം സജീവം പ്രചരണ പരിപാടികളുടെ ഔദ്യോഗിക സന്ദേശഗാനമായി അംഗീകരിച്ചു. സെപ്റ്റംബർ 5ന് എറണാകുളം പി.ഒ.സി. യിൽ നടന്ന സംസ്ഥാന തല സംഗമത്തിൽ കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി ഗാനവും ഹ്രസ്വചിത്രവും പ്രകാശനം ചെയ്തു. വടവാതൂർ സെന്റ് മേരീസ് ഇടവകാംഗമായ ബാബു ചെങ്ങാലിമറ്റം രചിച്ച വരികൾക്ക് പാക്കിൽ സെന്റ് തെരേസാസ് ഇടവകാംഗവും വി.എസ്.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്ററുമായ സെബാസ്റ്റ്യൻ മറ്റത്തിൽ സംഗീത സംവിധാനം നിർവ്വഹിച്ചു. പ്രശസ്ത ഗായകൻ പന്തളം സുരേഷും സംഘവും ആലപിച്ച ഗാനത്തിന്റെ റിക്കോർഡിംഗ് കോട്ടയം ഡി.പി.എം. സ്റ്റുഡിയോയിലാണ് നിർവ്വഹിച്ചത്. സമ്മേളനത്തിൽ വി.എസ്.എസ്.എസ് ഡയറകട്ർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിനെയും സംഘത്തെയും കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലിയും കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലും അനുമോദിച്ചു.

## ആശാകിരണം ധനസമാഹരണം

അമയന്നൂർ ജനകീയ വികസന സമിതിയുടെ പങ്കാളിത്തത്തോടെ ആശാകിരണം പ്രവർത്തന ഫണ്ടിലേക്കുള്ള ധനശേഖരണാർത്ഥം സമ്മാനകൂപ്പൺ വഴി സമാഹരിച്ച 80000/- രൂപ വികാരി ഫാ. റൊണാൾഡ് മാത്യുവിന്റെ സാന്നിദ്ധ്യത്തിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ആശാകിരണം സെക്രട്ടറി റൂസ് വെൽറ്റിൽ നിന്നും ഏറ്റവാങ്ങി.

## സംഘചേതന

വിജയ് അയൽക്കൂട്ടങ്ങളുടെ കേന്ദ്രതല സംഘടനയായ സംഘചേതനയുടെ ഈ വർഷത്തെ 3-ാമത് മീറ്റിംഗ് 2023 സെപ്റ്റംബർ 9-ാം തീയതി അമലനിലയത്തിൽ നടന്നു. സംഘചേതന പ്രസിഡന്റ് ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. സംഘങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംഘചേതന പ്രവർത്തിക്കേണ്ടത് എന്നും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതോടൊപ്പം കാലികമാറ്റങ്ങൾ കൊണ്ടുവരണമെന്നും അദ്ദേഹം സൂചിപ്പിച്ചു. കോട്ടയം, പട്ടിത്താനം, മുണ്ടക്കയ, തിരുവല്ല എന്നീ മേഖലകളിലെ സംയുക്ത റിപ്പോർട്ടുകൾ സെക്രട്ടറിമാർ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് സി.ഡി.ഒ, ടി.കെ. രാജു നേതൃത്വം നൽകി. കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾകൊണ്ട് പ്രവർത്തനരീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്തു രൂപ രേഖ തയ്യാറാക്കുകയും നിർവ്വാഹക സമിതിക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. മീറ്റിംഗിന് കോർഡിനേറ്റർ മിനി വിനോദ് സ്വാഗതവും സംയുക്ത പട്ടിത്താനം മേഖലാ പ്രസിഡന്റ് ജൂബി ജോർജ് നന്ദിയും പറഞ്ഞു.

**ഓണം ചലഞ്ച് വിവിധ ഇടവകകൾ സമാഹരിച്ചു നൽകിയ തുക**

| | | | |
|---|---|---|---|
| നെടുമുടി | - 5000 | പൊടിമറ്റം | - 5000 |
| റാന്നി | - 5000 | അമയന്നൂർ | - 80000 |
| മുണ്ടക്കയം | - 2500 | തെള്ളകം | - 20000 |
| വടവാതൂർ | - 5000 | കുറിച്ചി | - 10000 |
| പെരുവ | - 5000 | ആണ്ടൂർ | - 5000 |



ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം
ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ നിർവ്വഹിക്കുന്നു

## ആശാകിരണം ‘ഓണം ചലഞ്ച്’ ധനസമാഹരണം വിവിധ ഇടവകകളിൽ











# ആശാകിരണം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ രോഗീ-സഹായ പദ്ധതിയാണ് ആശാകിരണം. അനേകം രോഗികൾക്ക് പ്രത്യേകിച്ച് കാൻസർ ബാധിതർക്ക് സാമീപ്യംകൊണ്ടും സമ്പത്തിക-പിൻതുണകൊണ്ടും സാന്ത്വനം നൽകുവാൻ ഈ പദ്ധതിക്കായിട്ടുണ്ട്. ബഹു വൈദികരുടെ നേതൃത്വത്തിൽ ജനകീയ വികസനസമിതികൾ, ആശാകിരണം സന്നദ്ധപ്രവർത്തർ എന്നിവരുടെ ശ്രമഫലമായി ഇടവകകൾ കേന്ദ്രീകരിച്ച് വിശേഷാവസരങ്ങളിൽ വിവിധ രീതിയിലും കൃത്യമായ ഇടവേളകളിൽ ഉപകാരികളിൽ നിന്നും ചാരിറ്റി ബോക്സുകൾ വഴിയായും പ്രവർത്തനനിധി ശേഖരിച്ചുവരുന്നു. ഇത്തവണ ഓണത്തോടനുബന്ധിച്ച് പച്ചക്കറി, പായസം, ഉപ്പേരി, ലഘുഭക്ഷണം തുടങ്ങിയവയുടെ വിതരണത്തിലൂടെയും വില്പനയിലൂടെയും നെടുമുടി, പൂവം, മാരാമൺ, പൊടിമറ്റം, വെച്ചൂച്ചിറ, ഇടമൺ, കാഞ്ഞിരപ്പാറ, മുണ്ടക്കയം, പാല, ആണ്ടൂർ, അമയന്നൂർ, വടവാതൂർ, പുലരിക്കുന്ന്, തെള്ളകം എന്നീ 16 ഇടവകകൾ ഈ ലക്ഷ്യത്തിനായി ധനസമാഹരണം നടത്തി. കൂടാതെ പട്ടിത്താനം മേഖലയിലെ പട്ടിത്താനം, ആണ്ടൂർ, മധുരവേലി, വെട്ടിമുകൾ, ഇലയ്ക്കാട്, കാട്ടാമ്പാക്ക്, പാല എന്നിവിടങ്ങളിൽ 'ടീ കാൻ' എന്നപേരിലും ധനസമാഹരണം നടന്നു. പെരുവ ഇടവകയിൽ 10 കിലോഗ്രാം അരിയടങ്ങിയ പലവ്യഞ്ജന കിറ്റുകളും, ചെങ്ങളത്ത് നിർദ്ധന രോഗികൾക്കായി 13000/- രൂപ 5 പേർക്ക് പ്രത്യേക സഹായമായും നൽകി.



ഗാനം പ്രകാശനം- ഫാ. പോൾ മുത്തോലി ഡയറക്ടർ കാരിത്താസ് ഇൻഡ്യ.



ആശാകിരണം പ്രവർത്തന ഫണ്ട് അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഏറ്റുവാങ്ങുന്നു



സ്ഥൈര്യലേപനം–വേളൂർ



സ്ഥൈര്യലേപനം–വാഴൂർ



സ്ഥൈര്യലേപനം–പൂവം

OCTOBER 2023
Vol. 16 • Issue 10
Published on
1th October 2023

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
भारत सरकार का उपक्रम
Union Bank of India
A Government of India Undertaking

Kodimatha Branch
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക് :
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180